**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 372** **29-01-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് -പഞ്ചായത്ത് വക സ്ഥലത്തിന്റെ കൈമാറ്റ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പഞ്ചായത്തിൽ നിന്നും സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ നിന്നും സർക്കാരിലേക്ക് നൽകിയിട്ടില്ല.<br><br>എന്നാൽ റവന്യൂ വകുപ്പ് നല്കിയ പ്രസ്തുത റിപ്പോർട്ട് ഉചിത മാർഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 22.01.2024 തീയതിയിൽ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ നിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് , പോളിടെക്നിക്കിലേക്കുള്ള വഴിയും പോളിടെക്നിക്കും പഞ്ചായത്ത് വക സ്ഥലങ്ങളും അളന്ന് തിട്ടപ്പെടുത്തി ടി സർവെ സ്കെച്ച് വിഷൻ & മിഷൻ പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (സി) | കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.സി.4/137/2017 & കമ്പ്യൂട്ടർ നം..469030 നമ്പർ ഫയലിൽ കഴിഞ്ഞ 7 വർഷമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | സർക്കാരിൽ ലഭ്യമായ രേഖകൾ പ്രകാരം 09.05.2017 ലാണ് ആർ.സി4/137/2017/ ത.സ്വ.ഭ.വ. നമ്പർ ഫയലിൽ നടപടികൾ ആരംഭിച്ചത്. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19 ഏക്കർ 39.14 സെന്റ് വസ്തു ഗവ. പോളിടെക്നിക്ക് കോളേജിന് വിട്ടുകൊടുക്കുന്നതിന് 22.03.2005-ലെ സ.ഉ.(സാധാ) നം. 1105/05/ ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.<br><br>ടി ഭൂമിയിൽ നിന്നും 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് വിട്ടു നൽകുന്നതിന് |

30.07.2014 ലെ സ.ഉ.(സാധ) നം.1969/2014/ ത.സ്വ.ഭ.വ. പ്രകാരം അനുമതി നല്കുകയുണ്ടായി.

AICTE വ്യവസ്ഥ പ്രകാരം 20 ഏക്കർ സ്ഥലം ആവശ്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് പോളിടെക്നിക്കിന് പരമാവധി സ്ഥലം ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചത്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായി കണക്കാക്കുന്നത് 8 ഏക്കർ സ്ഥലം മാത്രമാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ഭാവി വികസന ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് 8.5 ഏക്കർ സ്ഥലം പോളിടെക്നിക്കിന് വിട്ടു നല്കുന്നതിന് 21.11.2017-ലെ സ.ഉ.(സാധാ)നം.3727/2017/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.

ശേഷിക്കുന്ന ഭൂമി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഗവ. പോളിടെക്നിക്ക് കോളേജിനും കേന്ദ്രീയ വിദ്യാലയത്തിനും ഭൂമി അനുവദിച്ച ശേഷം ബാക്കി വരുന്ന സ്ഥലത്തുനിന്നും 60.5 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും, 9 സെന്റ് സ്ഥലം ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, 8 സെന്റ് സ്ഥലം അംഗൻവാടി സ്ഥാപിക്കുന്നതിനും, 3 സെന്റ് സ്ഥലം പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം എന്നീ ആവശ്യങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തിയപ്പോൾ ജീവിക്കാൻ മറ്റ് നിർവ്വാഹമില്ലാത്ത ഒരു വ്യക്തിക്ക് വിട്ടു നൽകുന്നതിനും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതാണെന്നും, കൂടാതെ ശേഷിക്കുന്ന ഭൂമിയിൽ നിന്നും ഒരേക്കർ ഭൂമി ലൈഫ് മിഷന് വിട്ടു നല്കുന്നതിനും തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

എന്നാൽ ഇത് സംബന്ധിച്ച് ഓരോ ആവശ്യത്തിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ഉചിത മാർഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 22.01.2024 തീയതിയിൽ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ